FACT

# എഫ്.എ.സി.ടി.യിൽ അപ്രന്റീസുകളുടെ ഒഴിവ്.

എഫ്.എ.സി.ടി. യിൽ അപ്രന്റീസ് ആക്ട് പ്രകാരം പരിശീലനം നല്കുന്നതിനു അപ്രന്റീസുകളെ തെരഞ്ഞെടുക്കുന്നു. താഴെപ്പറയുന്ന വിഭാഗത്തിലേക്ക് ആണ് തെരഞ്ഞെടുക്കുക.

**ഗ്രാജുവേറ്റ് അപ്രന്റീസ് (ഒരു വർഷം ) :** പ്രതിമാസ സ്റ്റൈപ്പെന്റ് 10000 രൂപ

**വിദ്യാഭ്യാസ യോഗ്യത** :

കംപ്യൂട്ടർ, കംപ്യൂട്ടർ സയൻസ്, സിവിൽ, കെമിക്കൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ്, ഇൻസ്ട്രുമെന്റേഷൻ , ഇൻസ്ട്രുമെന്റേഷൻ ആന്റ് കൺട്രോൾ, ഇലക്ട്രോണിക്സ് ആന്റ് ഇൻസ്ട്രുമെന്റേഷൻ,എന്നിവയിലുള്ള 60% ൽ കുറയാതെയുള്ള ഫസ്റ്റ് ക്ലാസ്സ് എഞ്ചിനീയറിംഗ് ഡിഗ്രി. എസ് .സി /എസ്.ടി വിഭാഗത്തിൽപെട്ടവർക്ക് 50% മാർക്ക് ഉണ്ടായിരിക്കണം.

**തെരഞ്ഞെടുപ്പിനുള്ള മറ്റ് മാനദണ്ഡങ്ങൾ** :

എഞ്ചിനീയറിംഗ് ഡിഗ്രി പാസ്സായതിനു ശേഷം 2019 ജനുവരി 01 ന് മൂന്ന് വർഷം കവിയാൻ പാടില്ല.

**പ്രായപരിധി** : 2018 ഒക്ടോബർ 01 ന് 25 വയസ്സ് കവിയരുത്.

| ഡിസിപ്ലിൻ | ഒഴിവുകളുടെ എണ്ണം |
|---|---|
| കംപ്യൂട്ടർ എഞ്ചിനീയറിംഗ് | 2 |
| കംപ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിംഗ് | 2 |
| സിവിൽ എഞ്ചിനീയറിംഗ് | 3 |
| കെമിക്കൽ എഞ്ചിനീയറിംഗ് | 5 |
| മെക്കാനിക്കൽ എഞ്ചിനീയറിംഗ് | 5 |
| ഇലക്ട്രിക്കൽ ആന്റ് ഇലട്രോണിക്സ് എഞ്ചിനീയറിംഗ് | 4 |
| ഇൻസ്ട്രുമെന്റേഷൻ എഞ്ചിനീയറിംഗ് | 1 |
| ഇൻസ്ട്രുമെന്റേഷൻ ആന്റ് കൺട്രോൾ എഞ്ചിനീയറിംഗ് | 1 |
| ഇലട്രോണിക്സ് ആന്റ് ഇൻസ്ട്രുമെന്റേഷൻ എഞ്ചിനീയറിംഗ് | 1 |
| | 24 |

## അപേക്ഷിക്കേണ്ടവിധം

അപ്രന്റീസ്ഷിപ്പിനുള്ള ആപ്ലിക്കേഷൻ ഫോം എഫ്എസിടി യുടെ വെബ്സൈറ്റ് ആയ www.fact.co.in നിന്നും ഡൗൺലോഡ്ചെയ്ത് പൂരിപ്പിച്ച് ഫോട്ടോയും ഒപ്പും അപേക്ഷാഫോമിൽ ഉൾപ്പെടുത്തി താഴെ പറയുന്ന അസ്സൽ സർട്ടിഫിക്കറ്റുകളും (എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റ്, ഡിഗ്രി സർട്ടിഫിക്കറ്റും മാർക്ക് ലിസ്റ്റും, എസ്.സി.,എസ്.ടി. വിഭാഗത്തിലുള്ളവർ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റും, ഒ.ബി.സി. വിഭാഗത്തിലുള്ളവർ നോൺ ക്രിമിലയർ സർട്ടിഫിക്കറ്റും. (തഹസിൽദാറിൽ കുറയാത്ത റാങ്കിലുള്ള ഓഫീസറിൽ നിന്നും ആറു മാസത്തിനുള്ളിൽ ലഭിച്ചത് ) വികലാംഗർ മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ്) ചേർത്ത് സ്കാൻ ചെയ്ത് ഒക്ടോബർ 21-)ം തിയതിക്കകം training@factltd.com-ൽ ഈ മെയിലായി അയക്കുക. (വൈകി ലഭിക്കുന്നതും, വ്യക്തമല്ലാത്ത ഫോട്ടോയും,ഒപ്പും,സർട്ടിഫിക്കേറ്റുകളും ഉള്ള അപേക്ഷകൾ നിരസിക്കുന്നതാണ്). യോഗ്യരായവരുടെ പേരുവിവരങ്ങളും പരീക്ഷ തീയതിയും സമയവും www.fact.co.in ൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. ഒരു മണിക്കൂർ ദൈർഘ്യം ഉള്ള ഒബ്ജെക്റ്റീവ് മാതൃകയിലുള്ള എഴുത്തു പരീക്ഷ ഉദ്യോഗമണ്ഡലിലുള്ള ഫാക്ട് ട്രെയിനിംഗ് സെന്ററിൽ നടത്തുന്നതുമാണ്. അതിനുള്ള അറിയിപ്പും, ഹാൾടിക്കറ്റും ഇ-മെയിൽ വിലാസത്തിൽ നൽകുന്നതായിരിക്കും. ഹാൾടിക്കറ്റും,പൂരിപ്പിച്ച് അയച്ച അപേക്ഷ ഫോമിന്റെ പ്രിന്റും , രണ്ടു ഫോട്ടോയും(അപേക്ഷയിൽ തന്നിട്ടുള്ളത്) തിരിച്ചറിയൽ രേഖയുമായി പരീക്ഷാ കേന്ദ്രത്തിൽ കൃത്യസമയത്ത് എത്തിച്ചേരേണ്ടതാണ്.

## നിബന്ധനകൾ

1. എസ്.സി / എസ് ടി (5 വർഷം) /ഒബിസി (3 വർഷം) / വികലാംഗ വിഭാഗത്തിലുള്ളവർ (10 വർഷം) വയസ്സിളവിന് അർഹരായിരിക്കും (വികലാംഗവിഭാഗത്തിലുള്ളവരെ കമ്പ്യൂട്ടർ അപ്രന്റീസിനു മാത്രമേ പരിഗണിക്കു).
2. അപേക്ഷകർ ബോഡ് ഓഫ് അപ്രന്റിസ് ട്രെയിനിംഗിന്റെ വെബ്സൈറ്റായ www.mhrdnats.gov.in ൽ സ്റ്റുഡൻറ്സ് വിഭാഗത്തിൽ രജിസ്റ്റർ ചെയ്യണ്ടതാണ്. National Apprentice ship Training Scheme (NATS) ൽ സ്റ്റുഡൻറ്സ് ഐഡി ലഭിച്ചവർക്ക് മാത്രമെ എഴുത്ത് പരീക്ഷയ്ക്ക് അർഹത ഉണ്ടായിരിക്കുകയുള്ളു.
3. സ്റ്റൈപ്പെന്റ് 10000 രൂപയും പരിശീലന കാലാവധി അപ്രന്റീസ് ആക്ടിനു അനുസൃതമയിരിക്കും.
4. തെരഞ്ഞെടുപ്പ് താഴെ പറയുന്ന ഉപാധികൾ അനുസരിച്ചായിരിക്കും
   വിദ്യാഭ്യാസ യോഗ്യതാ മാർക്ക് - 50%
   എഴുത്തു പരീക്ഷ. - 50%
5. ഫാക്ട് ജീവനക്കാരുടെ ആശ്രിതർ, എഴുത്ത് പരീക്ഷയ്ക്ക് വരുമ്പോൾ എച്ച്.ആർ. ഡിപ്പാർട്ട്മെൻറിൽ നിന്നും നൽകുന്ന ആശ്രിത സർട്ടിഫിക്കറ്റ് കൊണ്ടുവരണം.
6. ഇതേക്കുറിച്ചുള്ള വിശദവിവരങ്ങൾ www.fact .co.in എന്ന വെബ് സൈറ്റിൽ ലഭിക്കും
7. ഫാക്ട് വേറൊരു വെബ് സൈറ്റിനെയും ഈ പരസ്യം പ്രസിദ്ധപ്പെടുത്താൻ അധികാരപ്പെടുത്തിയിട്ടില്ല. മറ്റ് വെബ് സൈറ്റുകളിൽ വരുന്ന തെറ്റായ വിവരങ്ങൾക്ക് ഫാക്ട് ഉത്തരവാദിയല്ല. (കുടുതൽ വിവരങ്ങൾ അറിയുന്നതിന് - ഓഫീസ്: 0484-256 7424, 0484-256 7423, Mob : 94464 25291)

ചീഫ് ജനറൽ മാനേജർ(ട്രെയിനിംഗ് & ഡെവലെപ്മെന്റ്)